പതിമൂന്നാം കേരള നിയമസഭ
പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2837 — 10.12.2014 ലെ മറുപടിക്ക്

## സ്വയം പര്യാപ്ത പട്ടിക ഗ്രാമംപദ്ധതി --കാട്ടുവയൽ കോളനി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ. പ്രദീപ്കുമാർ | | ശ്രീ. എ.പി.അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സ്വയം പര്യാപ്ത പട്ടിക ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയ കോഴിക്കോട് കാട്ടുവയൽ കോളനിയിൽ എന്തെല്ലാം പദ്ധതി കളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (എ) | മുഖ്യ അഴുക്കുചാൽ നിർമ്മാണം, മണ്ണിട്ട് നികത്തൽ എന്നിവയാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി കാട്ടുവയൽ കോളനിയിൽ ഇതുവരെയും ആരംഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ? | (ബി) | കാട്ടുവയൽ കോളനി റോഡ് നിരപ്പിൽ നിന്നും വളരെ താഴ്ന്ന് സ്ഥിതി ചെയ്യുന്നതിനാൽ ഡ്രൈനേജിൽ നിന്നുള്ള മലിനജലം വീടുകളിലേക്ക് കയറുന്നു. ഇതൊഴിവാക്കാൻ ഈ പ്രദേശം മണ്ണിട്ട് ഉയർത്തുകയും ഡ്രൈനേജ് പുതുക്കി പണിയുകയും വേണം. ഇതോടൊപ്പം വീടുകളുടെ പുനർനിർമ്മാണം ഉൾപ്പടെ 1 കോടി രൂപയിൽ പരിമിതപ്പെടുത്തുവാൻ കഴിയില്ല. ആയതിനാൽ 24.07.2013 -ലെ ജില്ലാ ആഫീസർമാരുടെയും ഏജൻസി പ്രതിനിധികളുടെയും യോഗ തീരുമാന പ്രകാരം പദ്ധതി ഉപേക്ഷിക്കുവാൻ തീരുമാനിക്കുകയാണുണ്ടായത്. |

സെക്ഷൻ ഓഫീസർ